**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1756.** **01/11/2019 -ൽ മറുപടിക്ക്**

**മലപ്പുറം ഗവ:വനിതാ കോളേജിനായി ഭൂമി ഏറ്റെടുക്കാൻ നടപടി**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.പി.ഉബൈദുള്ള | | **ഡോ.കെ.ടി.ജലീൽ ( ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി)** |
| (എ) മലപ്പുറം ഗവ.വനിതാ കോളേജിന് ഇൻകെൽ എജ്യുസിറ്റിയിൽ അഞ്ച് ഏക്കർ ഭൂമി വിട്ട് നൽകി റവന്യൂ വകുപ്പ് ഉത്തരവ് ഇറക്കി മാസങ്ങൾ പിന്നിട്ടിട്ടും ഭൂമി ഏറ്റെടുക്കുന്നതിന് കാല താമസം എന്താണെന്ന് അറിയിക്കുമോ;<br>(ബി) ഭൂമിഎന്നത്തേക്ക് ഏറ്റെടുക്കുമെന്ന് വെളിപ്പെടുത്തുമോ; | (എ) & (ബി) | ഇൻകെൽ എജ്യുസിറ്റിയിൽ മലപ്പുറം വനിതാ കോളേജിന് വിട്ടു നൽകിയ അഞ്ച് ഏക്കർ ഭൂമിയുടെ സർവ്വേ സബ് ഡിവിഷൻ സ്കെച്ച് ലഭ്യമാക്കി റവന്യൂ റിക്കാർഡുകളിൽ മാറ്റം വരുത്തുന്ന നടപടി പൂർത്തിയായാൽ മാത്രമേ ഭൂമിയുടെ കൈവശാവകാശം കോളേജ് വിദ്യാഭ്യാസ വകുപ്പിന് കൈമാറാൻ കഴിയുകയുള്ളൂ. ആയതിനുള്ള നടപടികൾ ജില്ലാ കളക്ടർ മുഖേന സ്വീകരിച്ചു വരുന്നു. |
| (സി) കോളേജിന്റെ കെട്ടിട നിർമ്മാണ ത്തിന് കിഫ്ബിയിൽ നിന്നും പത്തു കോടി രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ടോ; പ്രസ്തുത പ്രൊപ്പോസലുകളുടെ പുരോഗതി വ്യക്തമാക്കുമോ; | (സി) | കോളേജിന്റെ കെട്ടിട നിർമ്മാണത്തിന് കിഫ്ബിയിൽ നിന്നും പത്തുകോടി രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായിട്ടില്ല. വിശദ പദ്ധതി രേഖ കിറ്റ്കോ മുഖേന തയ്യാറാക്കി വരുന്നു. |
| (ഡി) കെട്ടിട നിർമ്മാണത്തിനായി പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി കൂടുതൽ തുക വകയിരുത്തുമോ; വിശദമാക്കാമോ ? | (ഡി) | കെട്ടിട നിർമ്മാണത്തിനായി കിഫ്ബി ഫണ്ടിൽ അനുവദിച്ച തുകക്കുപരിയായി ആവശ്യമാകുന്ന തുക കോളേജ് പ്രിൻസിപ്പാളിൽ നിന്നും പ്രൊപ്പോസൽ ലഭ്യമാകുന്ന മുറക്ക് അടുത്ത സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**